LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ചീക്കോട് കുടിവെള്ള വിതരണ പദ്ധതി ഭാഗികമായി 27-2-2016-ന് കമ്മീഷൻ ചെയ്തു. വിതരണ ശൃംഖലയുടെ പ്രവൃത്തി പുരോഗതിയിലാണ്. 116 കി.മീ. വിതരണ ശൃംഖലയുടെ 80% പൂർത്തീകരിച്ചു. എസ്.എൽ.എസ്.എസ്.സി.-2014-ൽ ലഭിച്ച 110 എം.എം. പി.വി.സി./90 എം.എം. പി.വി.സി. ഉൾപ്പെടുന്ന 80 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കുന്നതിന്റെ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയർ നൽകി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ വിതരണ ശൃംഖലകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തി ജലനിധി ഏറ്റെടുത്ത് നടപ്പിലാക്കുന്നു. ഇതിന് ആവശ്യമായ സർവ്വേ നടത്തി ഡി.പി.ആർ. (Detailed Project Report) ലഭ്യമാക്കുവാൻ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊണ്ടോട്ടി, രാമനാട്ടുകര എന്നീ മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള ഡാനിഡ പദ്ധതിയുമായി ഈ പദ്ധതി ബന്ധിപ്പിച്ച് ജലവിതരണം നടത്തുന്നുണ്ട്.

(ബി&സി) ഈ പദ്ധതിയുടെ രൂപരേഖയിൽ നിർദ്ദേശിച്ച രീതിയിൽ 400 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിൽ 196 കി.മീ. സ്ഥാപിക്കാനുള്ള ഫണ്ട് ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർണ്ണമായും ജൂൺ 2017-നകം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ജലനിധി മുഖേനയുള്ള വിതരണശൃംഖല ജലസംഭരണിയുമായി ബന്ധിപ്പിച്ച് ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് നടപടി**

84 (561) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക ജലാശയങ്ങളുടെ സർവ്വേ സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ പദ്ധതിയായ 'ആർ. ആർ. ആർ. ഓഫ് പോണ്ട്സ് ' -ൽ ഉൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എല്ലാ പാരമ്പര്യ ജലസ്രോതസുകളെയും നവീകരിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാദേശിക ജലാശയങ്ങളുടെ (പൊതു ഉടമസ്ഥത യിലുള്ളവ) കണക്കെടുപ്പ്, ചീഫ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ ആന്റ് ഡിസൈൻസ്, വികാസ് ഭവൻ, തിരുവനന്തപുരം ആഫീസ് മുഖേന നടത്തിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാനത്ത് 40000-ത്തിലധികം ജലസ്രോതസ്സുകൾ (കുളങ്ങൾ) ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ പൂമല ചെറുകിട ജലസേചന പ്രോജക്റ്റിന് ആർ.ആർ.ആർ. പദ്ധതിയിലുൾപ്പെടുത്തി 25% കേന്ദ്ര ധനസഹായം ലഭ്യമാക്കുന്നതിനുള്ള പ്രാഥമിക അംഗീകാരം കേന്ദ്ര ജലകമ്മീഷന്റെ കോയമ്പത്തൂർ ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത് പദ്ധതിയുടെ ഗൈഡ്‌ലൈനാണ്. 2013-ൽ പ്രസിദ്ധീകരിച്ച ഗൈഡ്‌ലൈൻ പ്രകാരം 5 ഹെക്ടർ എങ്കിലും വലിപ്പമുള്ള ജലാശയങ്ങൾ/കുളങ്ങൾ (ഗ്രാമ പ്രദേശങ്ങളിൽ) മാത്രമേ നവീകരണത്തിനായി ഏറ്റെടുക്കാൻ കഴിയൂ. ഇക്കാരണത്താലാണ് കുളങ്ങൾ വളരെയേറെയുള്ള കേരളത്തെ ഈ പദ്ധതിയിലുൾപ്പെടുത്തി പ്രാദേശിക ജലാശയങ്ങൾ നവീകരിക്കാൻ കഴിയാത്തത്.

(സി) വിഷയം പരിശോധിക്കാവുന്നതാണ്.

**മീനാട് കുടിവെള്ള പദ്ധതി**

85 (562) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ സഹായത്തോടെയുള്ള മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിയിട്ട് എത്ര കാലമായി;

(സി) പദ്ധതിയിൽ അവശേഷിക്കുന്ന പ്രവർത്തികൾ എന്തെല്ലാമാണ്; അവ എവിടെയെല്ലാമാണ്;

(ഡി) ശേഷിക്കുന്ന പണികൾ അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഇ) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?